# ക്രമപ്രശ്നം

<u>ബിൽഡിംഗ് റൂൾസിൽ ഇളവ് നൽകിയത് സംബന്ധിച്ച്</u>

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999 ചാപ്റ്റർ 5-ൽ ഫയർ സുരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള 44-ാം വകുപ്പിൽ പറയുന്ന കാര്യം, All requirements in resepct of fire protection shall be as in part IV, Fire Protection in National Building Code of India, 1983 and amendment No. 3 under Fire Protection Annexure II എന്നാണ്. ഇതനുസരിച്ച് കേന്ദ്രത്തിന്റെ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ ഫയർ പ്രൊട്ടക്ഷനമായി ബന്ധപ്പെട്ട് എന്ത് പറയുന്നുവോ അതുതന്നെയാണ് കേരള മുനിസിപ്പൽ ബിൽഡിംഗ്സ് റൂളിലെ 44-ാം വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാൻഡേറ്ററിയാണ് 'shall be'. കേരളത്തിലെ മൂന്ന് നിലയിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് അനുമതി കൊടുക്കേണ്ടതില്ലായെന്ന് ഇതുപ്രകാരം ഒരു ഉദ്യോഗസ്ഥനും പറയാൻ സാധ്യമല്ല. എന്നാൽ അങ്ങനെ പറഞ്ഞുവെന്നതിന്റെ പേരിൽ, നാഷണൽ ബിൽഡിംഗ് കോഡ് അനാവശ്യമായി ഇംപ്ലിമെന്റ് ചെയ്യുന്നുവെന്നതിന്റെ പേരിൽ ഉയരമുള്ള ഫ്ലാറ്റുകൾക്ക് എൻ.ഒ.സി. കൊടുക്കാനുള്ള തടസ്സം ഒഴിവാക്കുന്നതിനുവേണ്ടി നിലവിൽ നമ്മുടെ നിയമസഭ

പാസ്സാക്കിയിരിക്കുന്ന കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ 44-ാം ചട്ടം ഇല്ലെങ്കിൽ മറ്റേതെങ്കിലും ചട്ടം റിലാക്സ് ചെയ്തുകൊണ്ട് പ്രത്യേകമായ ഉത്തരവിലൂടെ എൻ.ഒ.സി. കൊടുക്കാൻ മന്ത്രിസഭ തീരുമാനിച്ചതായും അത്തരം ഒരു ഉത്തരവിറങ്ങിയതായും പത്രങ്ങളിൽ വാർത്ത വരികയാണ്. നിയമത്തിലെ റൂളുകളിൽ മാറ്റം വരുത്തുക എന്നത് നിയമസഭയുടെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. അതിൽ ഇളവുകൾ നൽകുന്നതും നിയമസഭയുടെ അധികാരത്തിൽപ്പെട്ട കാര്യമാണ്. നിയമസഭാ സമ്മേളനം നടക്കാതിരിക്കുന്ന സമയത്ത് ക്യാബിനറ്റിന് അത്തരം തീരുമാനങ്ങളെടുക്കാൻ അധികാരമുണ്ടെങ്കിൽ എടുക്കാവുന്നതാണ്. എന്നാൽ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നിലവിലുള്ള ചട്ടം കേന്ദ്ര ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യയുടെ അതേ നിബന്ധനയാണെന്ന് പറഞ്ഞുകൊണ്ടിരിക്കെ എന്ത് അടിസ്ഥാനത്തിലാണ് ഇത്തരമൊരു ഉത്തരവ് ഇറക്കിയിരിക്കുന്നതെന്ന് സഭയ്ക്ക് അറിയേണ്ടതുണ്ട്. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ അങ്ങനെ ഒരു റൂൾ റിലാക്സേഷൻ നടത്താൻ ക്യാബിനറ്റിന് യാതൊരു അധികാരവുമില്ല. ഇത് നിയമസഭയോടുള്ള അവഹേളനമാണ്, അവകാശലംഘനമാണ് അതുകൊണ്ട് ഇതിന്റെ പിന്നിലുള്ള അമിതമായ താൽപ്പര്യമെന്താണ്? ഈ നിയമപ്രകാരം മൂന്ന്

നിലയിൽ കൂടുതലുള്ള ആർക്കും ലൈസൻസ് കൊടുക്കാവുന്നതാണ്. കെട്ടിടങ്ങൾ ഉയരത്തിലേയ്ക്ക് പോകണം. പക്ഷേ സുരക്ഷയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലായെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അത് വളരെ ശരിയായ കാര്യമാണ്. ഒരു കാരണവശാലും സുരക്ഷയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ പാടില്ല. എന്നാൽ  ഈ നിയമത്തിൽ സുരക്ഷയുടെ  കാര്യത്തിൽ എന്തെങ്കിലും റിലാക്സേഷൻ കൊടുക്കാനുള്ള വകുപ്പ് ഏതാണ്? എന്തടിസ്ഥാനത്തിലാണ് ഈ ഉത്തരവ് ഇറക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കണം. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്തരമൊരു ഉത്തരവ് ഇറക്കിയത് നിയമസാനുസൃതമാണോയെന്ന കാര്യം കൂടി അങ്ങ് വ്യക്തമാക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബഹുമാനപ്പെട്ട മെമ്പർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത് കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസിലെ സെക്ഷൻ 44 ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിച്ച് അഗ്നി സുരക്ഷാ നിയമങ്ങൾ പാലിക്കാതിരുന്ന ഫ്ലാറ്റുടമകൾക്ക് ചട്ടത്തിൽ ഇളവ് നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചുവെന്നാണ്. തീർത്തും തെറ്റിദ്ധാരണമൂലമാണ് ഇത്തരത്തിലൊരു പ്രശ്നം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നാഷണൽ ബിൽഡിംഗ് കോഡ് കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ

മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കെ.എം.ബി.ആർ-ലെ നിയമ വ്യവസ്ഥകൾ അനുവർത്തിക്കാനാണ് മന്ത്രിസഭാ യോഗം തീരുമാനിച്ചത്. കെ.എം.ബി.ആർ.ലെ ചട്ടം 44 പാലിക്കണമെന്ന വ്യവസ്ഥയ്ക്ക് ഒരു ഇളവും അനുവദിച്ചിട്ടില്ല. ചട്ടം 44 പറയുന്നത്, All requirements in resepct of fire protection shall be as in part IV, Fire Protection in National Building Code of India, 1983 and amendment No. 3 under Fire Protection Annexure II എന്നാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി സി.എം ദിനേശ് മണി V/s. സ്റ്റേറ്റ് ഓഫ് കേരള 2015-3 KAT-C-957 എന്ന കേസിൽ ഇപ്രകാരം പറയുകയുണ്ടായി: NBC guidelines itself indicates that it is non statutory in nature, whereas it is for general application. It is for the respective State Governments to either decide to incorporate any provisions in the NBC as applicable to their building rules or to modify such provisions or to incorporate the same with such modifications as may be required in a particular State, as the case may be. ഹൈക്കോടതിയുടെ മേൽപ്പറഞ്ഞ വിധി പ്രകാരം എൻ.ബി.സി.ഒരു ഗൈഡ്ലൈൻ മാത്രമാണ്, നിയമമല്ലായെന്ന് നമുക്കെല്ലാവർക്കും സുവ്യക്തമാണ്. എൻ.ബി.സി ഗൈഡ്ലൈൻ കേരള മുൻസിപ്പാലിറ്റി റൂളിന്റെ ഭാഗമാക്കിയാൽ

മാത്രമെ അത് നിർബന്ധമാവുകയുള്ളൂ. അത് നിയമമാകുകയുള്ളൂ. അല്ലാത്തപക്ഷം അത് പാലിക്കേണ്ട ആവശ്യമില്ല. നാഷണൽ ബിൽഡിംഗ് കോഡിൽ ഫയറിനെക്കുറിച്ച് പറയുന്നത് നാലാം ഭാഗത്തിലാണ്. നാലാം ഭാഗത്തിൽ മൂന്ന് ഉപഭാഗങ്ങളുണ്ട്. അത് ഫയർ റെസ്ക്യൂ, ഫയർ സേഫ്റ്റി, ഫയർ പ്രൊട്ടക്ഷൻ എന്നിവയാണ്. കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 44 പ്രകാരം ഫയർ പ്രൊട്ടക്ഷൻ മാത്രമാണ് ബാധകമാക്കിയത്. നാഷണൽ ബിൽഡിംഗ് കോഡ് പ്രകാരം ഫയർ പ്രൊട്ടക്ഷൻ എന്നാൽ താഴെപ്പറയുന്ന സംവിധാനങ്ങളൊരുക്കുക എന്നത് മാത്രമാണ്. hose reel, fire alarm, underground static water storage tank, automatic sprinklers, automatic high velocity water spray, fixed foam insulation carbon di oxide fire extinguishing system, fire detection extinguishing system, fire extinguishing system using halon alternative. കൂടാതെ കെട്ടിടത്തിന്റെ ഉപയോഗമനുസരിച്ച് ചില അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഫയർ സേഫ്റ്റിക്ക് കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂളിൽ 42 ഉം 43 ഉം ആണ് ബാധകം. ഫയർ റെസ്ക്യൂവിനെ സംബന്ധിച്ചിടത്തോളം റൂൾ 111 മുതൽ 120 വരെയുള്ള ഭാഗങ്ങളാണ് ബാധകം. സ്റ്റാറ്റ്യൂട്ടറിയല്ലാത്ത നാഷണൽ ബിൽഡിംഗ് കോഡ് നിർബന്ധമാക്കിയതാണ് ഫയർ ആന്റ് റെസ്ക്യൂ

വകുപ്പ് ചെയ്ത നിയമപരമായ പിശക്. ഇത് നിയമവകുപ്പ് സെക്രട്ടറി ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് നിയമോപദേശത്തിന് അനുസൃതമായി ഈ ക്യാബിനറ്റ് തീരുമാനിക്കുകയാണുണ്ടായത്. ഒരു നിയമവും അതിൽ മാറ്റിയിട്ടില്ല. പഴയ നിയമം തന്നെ നമ്മൾ ഫോളോ ചെയ്യാൻ പറയുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. എസ്. സുനിൽകുമാർ: ഇവിടെ അദ്ദേഹം പറഞ്ഞ സെക്ഷൻ 42 എന്നു പറയുന്നത് ഫയർ എസ്കേപ്പ് സ്റ്റെയർകേസ്, സെക്ഷൻ 41 എന്ന് പറയുന്നത് ട്രാവൽ ഡിസ്റ്റൻസ് ടു എമർജൻസി സ്റ്റെയർകേസ്. ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട് കെട്ടടിത്തിന്റെ ഉയരത്തിനനുസരിച്ചുള്ള സ്പേസ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് 10 മീറ്റർ ഉയരമുള്ള കെട്ടിടങ്ങൾക്ക് 3 മീറ്റർ, 15 മീറ്റർ വരെ ഉയരമുള്ളവയ്ക്ക് 5 മീറ്റർ, 18 മീറ്റർ വരെ ഉയരമുള്ളവയ്ക്ക് 6 മീറ്റർ, 21 മീറ്റർ വരെ ഉയരമുള്ളവയ്ക്ക് 7 മീറ്റർ 55 മീറ്ററിന് മുകളിൽ ഉയരമുള്ളവയ്ക്ക് 16 മീറ്റർ വരെ എന്നുപറയുന്ന ഒരു പട്ടികതന്നെ അതിനനുബന്ധമായി വച്ചിട്ടുണ്ട്. നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ ഇതൊരു സ്റ്റാറ്റ്യൂട്ടറിയല്ല എന്ന് പറയുമ്പോഴും നമ്മുടെ നിയമത്തിന്റെ 44-ാം വകുപ്പിൽ എന്താണ് പറയുന്നത്? 'Shall be' എന്നാണ് പറയുന്നത്. അതൊരു മാൻഡേറ്ററിയായിട്ടുള്ള പ്രൊവിഷനാണ്. 'shall be as in part IV" എന്ന്

പറഞ്ഞാൽ അത് വളരെ വ്യക്തമാണ് ഹൈക്കോടതി ഒരിക്കലും അതിനെ നെഗേറ്റ് ചെയ്തുകൊണ്ടുള്ള വിധിയല്ല വന്നിരിക്കുന്നത്. ഇതൊരു കൺകറന്റ് ലിസ്റ്റായതുകൊണ്ടാണ്. ഇത് സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട കാര്യമായതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റിന് ഇതിൽ പറയുന്ന കാര്യങ്ങൾ എന്താണെങ്കിലും, കോഡിൽ പറഞ്ഞിരിക്കുന്ന കാര്യം ഈ നിയമത്തിന്റെ ഭാഗമാണ്. ഇതെങ്ങനെയാണ് മാൻഡേറ്ററിയല്ലായെന്ന് പറയാൻ കഴിയുന്നത്. ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട് നേരത്തെ എൻ.ഒ.സി. നിഷേധിക്കുന്നതിന് 44-ാം വകുപ്പ് പ്രധാനപ്പെട്ട കാരണമായിട്ടുണ്ടോ? ഈ വകുപ്പിൽ എന്തെങ്കിലും റിലാക്സേഷൻ ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ? അങ്ങനെ കൊടുത്തുകൊണ്ടുള്ള ഒരു ഉത്തരവ് ഗവൺമെന്റ് ഇറക്കിയിട്ടുണ്ടോ? അതാണ് എനിക്കറിയേണ്ടത്.

ശ്രീ. മഞ്ഞളാംകുഴി അലി: റൂൾ 44 ഞാൻ ഇവിടെ വായിച്ചു. 44 എന്ന് പറയുന്നത് ഫയർ പ്രൊട്ടക്ഷനുമായി താഴെപ്പറയുന്ന സംവിധാനങ്ങളൊരുക്കുക എന്നത് മാത്രമാണ്. അല്ലാതെ മറ്റുള്ളതല്ല. മറ്റുള്ളത് വേറെയാണ്. എൻ.ബി.സി. യിൽ ഫോളോ ചെയ്യുന്നത് റൂൾ 44 ആയാലും അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. പക്ഷേ ഫയർ ഡിപ്പാർട്ട്മെന്റ് എന്താണ് ചെയ്തത്, സ്റ്റാറ്റ്യൂട്ടറിയല്ലാത്ത നാഷണൽ ബിൽഡിംഗ് കോഡ് നിർബന്ധമാക്കിയതാണ് അവർ ചെയ്ത പിശക്. അത്

ഒരിക്കലും ചെയ്യാൻ പാടില്ലായിരുന്നു. അല്ലാതെ ഒരു നിയമവും മാറ്റിയിട്ടില്ല. ബഹുമാനപ്പെട്ട സുനിൽകുമാറിന് അത് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നാണ് വിശ്വസിക്കുന്നത്. പിന്നേയും അതെക്കുറിച്ച് സംസാരിച്ചിട്ട് കാര്യമില്ല. സർക്കാർ അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. അത് അതേ രീതിയിൽ തന്നെ തുടർന്നു പോകാനാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. അതുമാത്രമല്ല, ഹൈക്കോടതി വിധിയുണ്ട്. അത് ഞാൻ നേരത്തെ വായിച്ചു. NBC guidelines itself indicates that it is non statutory in nature, whereas it is for general application. അതിനർത്ഥമെന്താണ്. It is not a law. It is for the respective State Governments to either decide to incorporate any provisions in the NBC as applicable to their building rules or to modify such provisions …..........We have the liberty to modify or we have the liberty to incorporate the same with such modifications as may be required in a particular State, as the case may be.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായി മറുപടി പറഞ്ഞു. ശ്രീ. സുനിൽകുമാറിന് കാര്യമറിയാനാണെങ്കിൽ അദ്ദേഹത്തിന്റെ മറുപടി ധാരാളമാണ്. നമ്മുടെ നാട്ടിൽ വർഷങ്ങളായി നിലവിലിരുന്ന കേരള

ബിൽഡിംഗ്സ് റൂളാണ് ആപ്ലിക്കബിൾ, നാഷണൽ ബിൽഡിംഗ് കോഡ് ഇവിടെ പ്രയോഗികത്തിൽ വന്നിരുന്നില്ല. ഇന്ന് നമ്മൾ പുതിയതായി ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇവിടെ വർഷങ്ങളായി പ്രയോഗത്തിലുള്ള ആ ഒരു സിസ്റ്റം, അതിനൊരു മാറ്റം ഇടയ്ക്ക് വരുത്തിയത് ശരിയല്ല. അത് പഴയതുപോലെ, അതായത് നിങ്ങൾ ഭരിക്കുന്ന സമയത്തും യു.ഡി.എഫ്. ഭരിക്കുന്ന സമയത്തും നിലനിന്നിരുന്ന സിസ്റ്റം ഇവിടെ കൊണ്ടുവന്നു. അത് വ്യക്തമായിട്ടുള്ളതാണ്. കോടതിയുടെ വിധിയുണ്ട്. നിയമം അതാണ്. അതിനകത്ത് ഒരു മാറ്റവും വരുത്തിയിട്ടില്ല. നിയമാനുസൃതമാണെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, ഇത് .......................

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സുനിൽകുമാർ, അങ്ങയുടെ ക്രമപ്രശ്നത്തിന് രണ്ട് പ്രാവശ്യം മന്ത്രി മറുപടി പറഞ്ഞു. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞു. വീണ്ടും ആ വിഷയം തന്നെ ഉന്നയിച്ചുകൊണ്ടിരിക്കുന്നത് ശരിയല്ല. That is not correct.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, ഇത് ശ്രീ. ജേക്കബ് തോമസ്സിന്റെ വക്കാലത്ത് എന്നുപറയുന്ന ആളുകളോട് എനിക്ക് വേറൊരു കാര്യമാണ് പറയാനുള്ളത്. വളരെ സീരിയസ്സായ കാര്യമായതുകൊണ്ടാണ് ഞാൻ പറയുന്നത്.

വക്കാലത്തും അഡ്വാൻസ് വാങ്ങിയതും വേറെയാളുകളാണ്. നാഷണൽ ബിൽഡിംഗ് കോഡിന് സ്റ്റാറ്റ്യൂട്ടറി സ്റ്റാറ്റസ് ഇല്ല എന്നുപറയുന്നത് ശരിയാണ്. പക്ഷേ സെക്ഷൻ 44-ൽ ഇൻകോർപ്പറേറ്റ് ചെയ്തതോടുകൂടി അത് സ്റ്റാറ്റ്യൂട്ടറിയാണ്. ഈ ബിൽഡിംഗിലേക്ക് ഫയർ ഫോഴ്സിന്റെ വാഹനങ്ങൾ കയറ്റാൻ ഓരോ ബിൽഡിംഗിന്റെയും ഉയരം അനുസരിച്ചുള്ള സ്പെയ്സ് പറയുന്നുണ്ട്. അവർ അതനുസരിച്ച് സ്പെയ്സ് ഇട്ടിട്ടുണ്ടെങ്കിൽ മന്ത്രിസഭാ യോഗം ചേർന്ന് തീരുമാനമെടുക്കേണ്ട കാര്യമില്ല. അതിനനുസരിച്ചുള്ള സ്പെയ്സ് ഇടാതെയാണ് കെട്ടിടം പണിതതെങ്കിൽ മാത്രമാണ് മന്ത്രിസഭാ യോഗം ചേർന്ന് ഒരു പ്രത്യേക ഉത്തരവിറക്കേണ്ട കാര്യമുള്ളൂ. മന്ത്രിസഭാ യോഗം ചേർന്ന് തീരുമാനമെടുക്കുന്നുവെന്ന് പറഞ്ഞാൽ അതിനർത്ഥം ഒരു റിലാക്സേഷൻ നടത്താൻവേണ്ടി മന്ത്രിസഭ അവരുടെ പരമാധികാരം ഉപയോഗപ്പെടുത്തി എന്നാണ്. അങ്ങനെ ഈപ്പറയുന്ന കെട്ടിടങ്ങളിൽ ഏതെങ്കിലും ഒന്ന് ഫയർ പ്രൊട്ടക്ഷനുവേണ്ടി വാഹനങ്ങൾ കടക്കാനുള്ള നിയമത്തിൽ പറയുന്ന സ്പെയ്സ് ഇടാതെ പണിതതാണോ; അങ്ങനെ പണിതതാണെങ്കിൽ പ്രായോഗികതയുടെ പേരിൽ ആ റൂൾ റിലാക്സേഷൻ മന്ത്രിസഭ കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കണം. അങ്ങനെ കൊടുക്കാൻ നിങ്ങൾക്ക് അധികാരമുണ്ട്. പക്ഷേ നിയമസഭ സമ്മേളനം കൂടിക്കൊണ്ടിരിക്കുമ്പോൾ ഇങ്ങനെ

ചെയ്യുന്നതിന്റെ താൽപ്പര്യമെന്താണ്; മൂന്നനിലയല്ല, എത്രനിലയ്ക്ക് മുകളിലും കെട്ടിടം പണിയുന്നതിന് ഞങ്ങൾ എതിരല്ല. അതിന് സുരക്ഷിതത്വം ഉറപ്പാക്കാൻ നിയമം അനുശാസിക്കണം എന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾ ഈ മൂന്ന് നിലയ്ക്ക് എതിരാണ്, മൂന്നനിലയ്ക്ക് മുകളിൽ കെട്ടിടം പോകുന്നതുകൊണ്ട് ഞങ്ങൾക്ക് യാതൊരുവിരോധവുമില്ല. പക്ഷേ ഇതിൽ പറയുന്ന നിയമം അനുശാസിക്കണം. നിയമം അനുശാസിക്കാത്തവർക്കുവേണ്ടി മന്ത്രിസഭ എന്തെങ്കിലും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കണം.